# ഭയപ്പെടേണ്ട ഞാൻ നിന്നോടു കൂടെയുണ്ട്

## സഭാപ്രസംഗി 8:12

"പാപി നൂറുപ്രാവശ്യം ദോഷം ചെയ്കയും ദീർഘായുസ്സോടെ ഇരിക്കയും ചെയ്യുന്നുണ്ടെങ്കിലും ദൈവത്തെ ഭയപ്പെടുന്ന ഭക്തന്മാർക്കു നന്മ വരുമെന്നു ഞാൻ നിശ്ചയമായി അറിയുന്നു."

ജ്ഞാനികളിൽ ജ്ഞാനിയായ ശലോമോൻ സഭാപ്രസംഗിയിലൂടെ നമുക്കു പറഞ്ഞു തരുന്ന ഒരു സത്യമാണിത്. നമ്മുടെ ചുറ്റും നമുക്ക് പല ദുഷ്ടന്മാരെയും കാണാം. അവർ ഒന്നിലും കുറ്റമില്ലാത്തവരായി ദുഷ്ടത പ്രവർത്തിക്കുകയും, അവരുടെ ആഗ്രഹങ്ങൾ എല്ലാം സാധിക്കുകയും, അവർ ദൈവത്തെ ഭയമില്ലാത്തവരായി ജീവിക്കയും, ദീർഘായുസ്സോടെ ഇരിക്കയും ചെയ്യുന്നത് നമുക്ക് കാണാം. എന്നാൽ അതേ സമയത്ത് നല്ലവരായ മനുഷ്യർ അവരുടെ ജീവിതത്തിൽ കഷ്ടപ്പാടിലൂടെയും സങ്കടത്തിലൂടെയും കടന്നു പോകുന്നതും നാം കാണാറുണ്ട്. എന്നാൽ ഒരു വിശ്വാസി ഓർത്തിരിക്കേണ്ട ഒരു കാര്യമുണ്ട്. നമ്മുടെ കർത്താവായ യേശുക്രിസ്തു തന്നെ പറഞ്ഞിട്ടുണ്ട്. "ലോകത്തിൽ നിങ്ങൾക്ക് കഷ്ടമുണ്ട് എന്നാൽ ഭയപ്പെടേണ്ട ഞാൻ നിന്നോടു കൂടെയുണ്ട്."

കർത്താവിനെ പിൻപറ്റുന്ന ഒരു വിശ്വാസിക്ക് പരീക്ഷണങ്ങൾ ഉണ്ടാകുകയില്ല എന്ന് വചനം നമ്മെ പഠിപ്പിക്കുന്നില്ല. എന്നാൽ എന്താണ് നമ്മെ പഠിപ്പിക്കുന്നത്? നാം വെള്ളത്തിൽ കൂടി കടന്നുപോകാം. എന്നാൽ വെള്ളം നമ്മുടെ മീതെ കവിയുകയില്ല. തീയിൽ വീണെന്നിരിക്കാം. എന്നാൽ നാം വെന്തുപോകാൻ അവൻ സമ്മതിക്കുകയില്ല. സിംഹക്കുഴിയിൽ വീണ അനുഭവം നമുക്ക് ഉണ്ടാകാം. എന്നാൽ സിംഹം നമ്മെ ഒന്നു തൊടുവാൻ പോലും അവൻ സമ്മതിക്കുകയില്ല. നമ്മുടെ ജീവിതത്തിലും പല ക്ഷാമങ്ങളും ഉണ്ടായെന്നിരിക്കാം. എന്നാൽ അവിടെയെല്ലാം ക്ഷേമമായി പോറ്റുന്നവൻ നമ്മോടുകൂടെയുണ്ട്. ഒരു വിശ്വാസിയുടെ വാഗ്ദത്തവും ഉറപ്പും ഇതാണ്. അതു കൊണ്ടാണ് ശലോമോൻ ഈ വാക്യത്തിൽ പറയുന്നത് ''നന്മ വരുമെന്ന് നിശ്ചയമായും അറിയുന്നു''. ദൈവത്തെ ഭയപ്പെടുന്നവർക്ക് ആണ് ഈ ഉറപ്പ് ലഭിക്കുന്നത്.

അതുകൊണ്ട് ദൈവമക്കളാകുന്ന നമ്മൾ ഈ ലോകം നമുക്ക് തരാത്ത സുഖത്തെയോർത്ത് സങ്കടപ്പെടുകയോ നിരാശപ്പെടുകയോ ചെയ്യേണ്ട ആവശ്യമില്ല. മറിച്ച് സ്വർഗ്ഗീയ നന്മക്ക് ഓഹരിക്കാരായി നമ്മെ തിരഞ്ഞെടുത്തതിൽ നമുക്ക് സന്തോഷിക്കാം. ലോകം, നമുക്കു നേരെ ദോഷം നിരൂപിക്കും. അവന്റെ ദിവസം വരുന്നു, എന്ന് അവൻ കാണുന്നു. അതിനാൽ ദൈവമക്കളാകുന്ന നമ്മൾ കർത്താവിൽ

ആശ്രയംവെച്ച് അവൻ തരുന്ന നന്മയ്ക്കായി പ്രത്യാശിക്കാം. നമ്മുടെ നന്മ നമ്മുടെ കർത്താവായ യേശുക്രിസ്തുവിൽ നിന്നും വരുന്നു. അവൻ നമ്മെ ഓരോരുത്തരേയും ഉയർത്തുമാറാകട്ടെ.

**പരാമർശം:**

സഭാപ്രസംഗി 2:26

തനിക്കു പ്രസാദമുള്ള മനുഷ്യന്നു അവൻ ജ്ഞാനവും അറിവും സന്തോഷവും കൊടുക്കുന്നു; പാപിക്കോ ദൈവം തനിക്കു പ്രസാദമുള്ളവന്നു അനുഭവമാകുവാൻ തക്കവണ്ണം ധനം സമ്പാദിക്കയും സ്വരൂപിക്കയും ചെയ്‌വാനുള്ള കഷ്ടപ്പാടു കൊടുക്കുന്നു. അതും മായയും വൃഥാപ്രയത്നവും അത്രേ.

**സിസ്റ്റർ റീന ഷാജി പള്ളിപ്പാട് 008**